# ശിവകേസാധിപാധ സ്തോത്രം

ശംഭോ മഹാദേവ ശംഭോ മഹാദേവ
ശംഭോ മഹാദേവ പാലയമാം

അംഭോജസംഭവൻ മുംബും നിലിംബരാൽ
സംഭാവിത ശംഭോ പാലയമാം

അംബിളിപ്പൈതലനിഞ്ഞ ജടതന്നിൽ
അംബോടുഗങ്ങയും കാണാകേണം

ചെങ്കനലുള്ളിൽ വിളങ്ങും ത്യാക്കണ്ണുകൊ -
ണ്ഡുങ്കിതഫാലവും കാണാകേണം

പാരെല്ലാം സൃഷ്ടിച്ചു കാത്തരുളിടുന്ന
ചാരുകുനു ചില്ലി കാണാകേണം

താമരയ്ക്കും കുമുദങ്ങൾക്കും ബന്ദുവാ -
മോമനക്കണ്ണിണ കാണാകേണം

കുണ്ഡലീകുണ്ഡലമണ്ഢിതമായൊരു
ഗണ്ഢയുഗളവും കാണാകേണം

ഭാസുരമാം തിരുനാസുപുടം തവ
പാർവ്വതീവല്ലഭ കാണാകേണം

ചെന്തൊണ്ഡിയ്ക്കിണ്ഡൽ വരുത്തുന്ന നല്ലൊരു
ദന്തച്ഛ്ഹദങ്ങൾ കാണാകേണം

മുല്ലമുകുളപരബരയെ വെന്ന
നല്ലൊരു ബന്തങ്ങൾ കാണാകേണം

പുഞ്ചിരിപ്പുന്ത്രിക സന്തതം തൂകുന്നോ -
രഞ്ചിതമാമ്മുഖം കാണാകേണം

കാളകൂടം പണ്ഡു കംബുകണുന്ത്തിന്ര
കാളിമകാന്തിയും കാണാകേണം

ശൂലം കപാലം മൃിഗാദികൾ പൂണ്ഡൊരു
നാലുതൃിുക്കൈകളും കാണാകേണം

അസുഥിമാലയണിഞ്ഞിട്ടു വിളങ്ങുന്ന
വിസുതൃിതമാറിടം കാണാകേണം

കോമളമായ തിരുവുദരത്തിലെ

രോമാവലിയേയും കാണാകേണം

ശോഭിച്ചമൂർത്തിയാം ഗങ്ങാധരൻ മദ്ധ്യേ
നാഭിച്ചുഴിയേയും കാണാകേണം

ആനത്തൊലിയാടയായ് ചാർത്തിയോ -
രത്ഭുതമദ്ധ്യവും കാണാകേണം

ഐരാവതത്തിന്റ തുംബിക്കരമ്പോലെ
ചാരുക്കളൂരുക്കൾ കാണകേണം

ഭക്തമനോമണിച്ചെപ്പായ് വിളങ്ങുന്ന
നിസ്തുലജാനുക്കൾ കാണാകേണം

ആമപ്പുറവടിയ്ക്കാമയം നൽകുന്നോ
രോമൽപ്പുറവടി കാണാകേണം

സത്തുക്കൾ മാനസേ നിത്യം വിളങ്ങുന്ന
പത്തു നഖങ്ങളും കാണാകേണം

പാപഹരമായ താവകരുവത്തെ
ആപുദമസ്തകം കാണാകേണം

വാമത്തുടതന്നിൽ വാണിടും ഗൗരിയെ
വാമദേവാ നിത്യം കാണാകേണം

ദന്തിമുഖനേയുമാറുമുഖനേയും
മന്തികേ സന്തതം കാണാകേണം

ഭൂതഗണങ്ങളാൽ സേവിതനാം നിന്നെ
ശ്വേതാംബുദാകൃിതേ കാണാകേണം

ജങ്ങമമാകിയ കൈലാശം പോലുള്ള
പുങ്ങവവാഹനം കാണാകേണം

രക്താങ്ങഭൂഷഹേ ദക്ഷാരേ നീയെന്നെ
രക്ഷിച്ചുകൊള്ളുവാൻ കൈതൊഴുന്നേൻ

സർപ്പവിഭൂഷണത്വൽപ്പാദമെപ്പൊഴും
ഉൾപ്പൂവിലോർത്തു ഞാൻ കൈതൊഴുന്നേൻ

സർവ്വാപരാധം ക്ഷമിച്ചുകൊൾവാനിതു
സർവദാ ശർവ്വ ഞാൻ കൈതൊഴുന്നേൻ

അന്തകനിങ്ങു വരാതെയിരിപ്പാനായ്
സന്തതം ഞാനിതു കൈതൊഴുന്നേൻ

ആധികളും മമ വ്യാധികളും തീർത്തു

ബോധം വരുത്തുവാൻ കൈതൊഴുന്നേൻ

ശ്രീകണ്ഠമന്തിരം തന്നിൽ വിളങ്ങുന്ന
ശ്രീകണ്ഠ ശങ്കര കൈതൊഴുന്നേൻ

**www.shaivam.org**